DESPATCHED
On.22/12/21

22/11/21



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1117(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.9852/SIC-Gen4/2021**

സന്നിഹിതൻ
ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 നവംബർ 22

ശ്രീ. വി. രാധാകൃഷ്ണൻ നായർ,
ശ്രീപത്മം,
ടി.സി.52/1749(1),
സ്റ്റുഡിയോ റോഡ്, എസ്റ്റേറ്റ് പി.ഒ.,
തിരുവനന്തപുരം – 695 019. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അസിസ്റ്റന്റ് എഞ്ചിനീയർ,
എഞ്ചിനീയറിംഗ് വിഭാഗം,
തിരുവനന്തപുരം കോർപ്പറേഷൻ,
തിരുവനന്തപുരം.
2. അപ്പീൽ അധികാരി,
എഞ്ചിനീയറിംഗ് വിഭാഗം,
തിരുവനന്തപുരം കോർപ്പറേഷൻ,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 9.7.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.7.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 30.7.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 31.8.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.8.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 27.8.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.9.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 4.10.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 2.11.2021, 16.11.2021(ഡയറക്ട്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. വി. രാധാകൃഷ്ണൻ നായർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം 9.7.2021 തീയതി സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാകാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ 30.7.2021–ന് അപ്പീൽ സമർപ്പിച്ചു എന്നും പിന്നീട് 29.7.2021 തീയതി രേഖപ്പെടുത്തിയ മറുപടി 4.8.2021 ന് ലഭിച്ചതിനെ തുടർന്ന് നിരവധി തവണ

എതിർകക്ഷി ഓഫീസുമായി ബന്ധപ്പെട്ടുവെങ്കിലും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനും സമയബന്ധിതമായി രേഖകൾ നൽകാത്തതിനാൽ ടിയാന് നഷ്ടപരിഹാരം നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 9.7.2021-ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ഇ8/23154/2021 നമ്പർ ഫയലുമായി ബന്ധപ്പെട്ട് ശ്രീമതി. വാസന്തി എന്ന കക്ഷിയ്ക്ക് 17.4.2021 ന് നൽകിയ നോട്ടീസിന് ടിയാൾ നൽകിയ മറുപടിയുടെ പകർപ്പും 29.6.2021 ന് ഓവർസീയർ സ്ഥലപരിശോധന നടത്തിയശേഷം നൽകിയ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 29.7.2021 തീയതി രേഖപ്പെടുത്തി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി ലഭിക്കുന്നതിന് മുമ്പായിതന്നെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ടി അപ്പീലിന് 31.8.2021 ന് നൽകിയ മറുപടിയിൽ ഹർജിക്കാരന് പകർപ്പ് നൽകാൻ കഴിയാത്തത് ബന്ധപ്പെട്ട ഫയൽ തുടർ നടപടിക്കായി ബന്ധപ്പെട്ട എച്ച്.ഒ.ഡി മാരുടെ സെക്ഷനുകളിൽ ആയതുകൊണ്ടാണെന്നും ആയതിനാൽ പകർപ്പിനായി പേജ് ഒന്നിന് 2/-രൂപ നിരക്കിൽ ഫീസ് ഒടുക്കി രസീത് ഹാജരാക്കണമെന്നുമാണ് അറിയിച്ചത്.

4. രണ്ടാം എതിർകക്ഷി 4.10.2021 ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ കമ്മീഷനിൽ സമർപ്പിച്ച പരാതിയിന്മേൽ പരിശോധന നടത്തിയതിൽ ഹർജിക്കാരന്റെ എല്ലാ അപേക്ഷകൾക്കും മറുപടി നൽകിയിട്ടുള്ളതാണെന്നും എന്നാൽ ടി മറുപടികളിലൊന്നും തൃപ്തനാകാതെ ടിയാൻ നിരന്തരം അപേക്ഷകൾ നഗരസഭയിൽ സമർപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും ഒരു വിഷയം സംബന്ധിച്ച് തന്നെ ഒരു ദിവസം അനവധി അപേക്ഷകൾ നൽകുകയും തൊട്ടടുത്ത ദിവസങ്ങളിൽ മേൽപ്പടി അപേക്ഷകളുടെ പകർപ്പ് എടുത്ത് അപേക്ഷ നൽകുന്നതു മുഖാന്തിരം നഗരസഭയുടെ സുഗമമായ പ്രവർത്തനത്തെ ഇതു ബാധിക്കുന്നുണ്ടെന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും 2.11.2021-ന് കമ്മീഷൻ നടത്തിയ വീഡിയോ ഹിയറിംഗിലും തുടർന്ന് 16.11.2021-ന് കമ്മീഷൻ ആസ്ഥാനത്ത് വച്ച് നടത്തിയ ഹിയറിംഗിലും ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. വിവരാവകാശ നിയമ പ്രകാരം മറുപടി നൽകുമ്പോൾ അപ്പീൽ

കാലാവധി, അപ്പീൽ അധികാരിയുടെ വിലാസം, പകർപ്പുകൾ ആവശ്യമുണ്ടെങ്കിൽ പേജുകൾ എണ്ണിത്തിട്ടപ്പെടുത്തി മൊത്തം പേജുകൾക്ക് ഒടുക്കേണ്ട തുക, ഹെഡ് ഓഫ് അക്കൗണ്ട് എന്നിവ വളരെ കൃത്യമായി രേഖപ്പെടുത്തി വേണം മറുപടി ഒന്നാം എതിർകക്ഷി നൽകേണ്ടത്. അപ്രകാരമുള്ള മറുപടി ഒന്നാം എതിർകക്ഷി നൽകാതിരുന്നത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചകൾക്ക് കാരണക്കാരനായ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ട താണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. വിവരാവകാശ നിയമ പ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയാണ്. ആയതിനാൽ നീതി നടപ്പാക്കുക മാത്രമല്ല നീതി നടപ്പാക്കിയെന്ന് വെളിവാക്കുകയും വേണം. അതിനായി അപ്പീൽ അധികാരി പുറപ്പെടുവിക്കുന്ന ഉത്തരവ് സ്വയം വിശദീകരിക്കുന്നതും തീരുമാനത്തിൽ എത്താനുണ്ടായ സാഹചര്യം വ്യക്തമാകുന്നതുമാകണം. ഇക്കാര്യത്തിൽ വിവരാവകാശ അപേക്ഷ നൽകി 30 ദിവസം കഴിഞ്ഞതിനാൽ രേഖകളുടെ പകർപ്പുകൾ സൗജന്യമായി ലഭിക്കാനുള്ള അവകാശം ഹർജിക്കാരനുണ്ട്. എന്നാൽ ഒന്നാം അപ്പീലിന് 31.8.2021 ന് നൽകിയ മറുപടിയിൽ 2 രൂപ ഒടുക്കി രസീത് ഹാജരാക്കാൻ രണ്ടാം എതിർകക്ഷി ആവശ്യപ്പെട്ടത് വിവരാവകാശ നിയമം 7(3)(എ) വകുപ്പു പ്രകാരം കുറ്റകരവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. കൂടാതെ 3.11.2021-ലെ കത്ത് പ്രകാരം കമ്മീഷൻ മുമ്പാകെ 16.11.2021 ന് നേരിട്ട് ഹാജരാകാൻ രണ്ടാം എതിർകക്ഷിയ്ക്കും കമ്മീഷൻ അറിയിപ്പ് നൽകിയിരുന്നതാണ്. എന്നാൽ യാതൊരു അറിയിപ്പും കമ്മീഷന് നൽകാതെ രണ്ടാം എതിർകക്ഷി ഹിയറിംഗിൽ ഹാജരാകാതിരുന്നതും കുറ്റകരമാണ്. ആയതിനാൽ ഇക്കാര്യത്തിലുള്ള രണ്ടാം എതിർകക്ഷിയുടെ വിശദീകരണം, ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

7. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഹർജിക്കാരന് നൽകിയിട്ടില്ലാത്തതിനാൽ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം രേഖകൾ സൗജന്യമായി ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2021 നവംബർ 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk